LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങളിൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾക്കെതിരെ ബന്ധപ്പെട്ട ബഹുമാനപ്പെട്ട കോടതികളുടെ നിർദ്ദേശാനുസരണം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അവകാശികളില്ലാതെയും ഉപേക്ഷിക്കപ്പെട്ടതുമായ വാഹനങ്ങൾ നടപടികൾ പൂർത്തീകരിച്ച് ലേലം ചെയ്തുവരുന്നു. ഗുരുതര സ്വഭാവമുള്ള കേസുകളിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനായി ഉപയോഗിച്ച വാഹനങ്ങൾ ബഹുമാനപ്പെട്ട കോടതികളുടെ വിചാരണ വേളകളിൽ ഹാജരാക്കേണ്ടതുള്ളതുകൊണ്ടും മറ്റും കോടതി നടപടികൾ പൂർത്തീകരിച്ചശേഷമേ അത്തരം കേസുകളിൽ തീരുമാനമാകുകയുള്ളൂ. താരതമ്യേന ഗുരുതരസ്വഭാവമല്ലാത്ത കേസുകളിൽ (River Bank Protection Act, MMDR Act) Executive Magistrate-മാർ വഴി വാഹനങ്ങൾ ത്വരിതമായി തീർപ്പുകൽപ്പിച്ചുവരുന്നു.

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 11-9-2018-ലെ സ.ഉ(പി)നമ്പർ 60/2018/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## ചെക്പോസ്റ്റുകളിലെ വിജിലൻസ് പരിശോധന

178 (193) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ അതിർത്തി ചെക്പോസ്റ്റുകളിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ (2019-ജനുവരി മുതൽ) എത്ര തവണയാണ് വിജിലൻസ് പരിശോധന നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ക്രമക്കേടുകൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ 2019 കാലയളവിൽ പാലക്കാട് ജില്ലയിലെ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ അതിർത്തി ചെക്ക് പോസ്റ്റുകളിലായി 24 പരിശോധനകൾ നടത്തുകയുണ്ടായി.

(ബി) ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്യാതെയും വൻതുകകൾ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കൈവശം സൂക്ഷിക്കുന്നതായും കണ്ടെത്തി. സർക്കാരിൽ അടയ്ക്കേണ്ട കളക്ഷൻ തുകയിൽ കുറവുള്ളതായി കണ്ടെത്തി. കണക്കിൽ പെടാത്ത പണം ഏജന്റുമാരിൽ നിന്നും കണ്ടെത്തുകയും കൂടാതെ ചെക്ക് പോസ്റ്റുകളിൽ ടാക്സും ഫീസും അടയ്ക്കാനായി വരുന്ന വഹനങ്ങളിൽ യാതൊരു പരിശോധനയും നടത്തുന്നില്ലായെന്നും കണ്ടെത്തി. വേയിംഗ് ബിൽ ഇല്ലാതെതന്നെ അമിതഭാര വാഹനങ്ങൾ കടത്തിവിടുന്നതായി കാണപ്പെട്ടു.

(സി) 12-4-2019-ൽ ഗോപാലപുരം ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിലും 29-7-2019-ൽ വാളയാർ ഇൻ ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിലും വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു. സർക്കാരിൽ ലഭ്യമായ 4 റിപ്പോർട്ടുകളിൽ 2 എണ്ണത്തിൽ വിജിലൻസ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ അംഗീകരിച്ചതിൻപ്രകാരം, ഒരു റിപ്പോർട്ടിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെ സ്ഥലംമാറ്റി അച്ചടക്ക നടപടി എടുക്കുന്നതിനും അടുത്തതിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടി എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2 എണ്ണം സർക്കാരിന്റെ പരിശോധനയിലുമാണ്.

## പോക്സോ കോടതികൾ

179 (194) <u>ശ്രീ. ഐ. ബി. സതീഷ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പോക്സോ കോടതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) കാട്ടാക്കട താലൂക്ക് കേന്ദ്രമായി പോക്സോ കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) SUO MOTO WP (Crl.) No.1/2019 കേസിന്റെ 25-7-2019-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് 56 അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly